**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് - MGNREGA തൊഴിലാളിക്ക് ചികിത്സാ സഹായം – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ധനസഹായം - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1328/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 26/04/2017

പരാമർശം:- 1. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 07.04.2017 ലെ അപേക്ഷ.
2. സ.ഉ.(എം.എസ്) 58/06/തസ്വഭവ തീയതി 16/02/2006.

**<u>ഉത്തരവ്</u>**

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട വാഴക്കാട് പഞ്ചായത്തിലെ MGNREGA തൊഴിലാളിയായ ശ്രീമതി. ബിന്ദു 28/03/2017 ന് കിണർ പണിക്കിടയിൽ കിണറിലേയ്ക്ക് വീണ് മാരകമായ പരിക്കുകളോടെ മെഡിക്കൽ കോളേജ് തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സയിലാണെന്നും ആയതിനാൽ ടിയാളുടെ ചികിത്സാ ചെലവിനാവശ്യമായ ധനസഹായം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും, ബ്ലോക്ക് പരിധിയിൽപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകണമെന്ന് പരാമർശം (1) പ്രകാരം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിണറിൽ വീണ് പരിക്ക് പറ്റി ചികിത്സയിൽ കഴിയുന്ന MGNREGA തൊഴിലാളിയായ ശ്രീമതി. ബിന്ദുവിന്റെ ചികിത്സാ ചെലവുകൾക്കായി കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും 10000/- രൂപയും, ടിയാളുടെ പഞ്ചായത്തായ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 20000/- രൂപയും, ബ്ലോക്ക് പരിധിയിലുള്ള മറ്റ് പഞ്ചായത്തുകളായ ചേലേമ്പ്ര, ചെറുകാവ്, മുതുവല്ലൂർ, പള്ളിക്കൽ, പുളിക്കൽ, വാഴയൂർ എന്നീ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും 5000/- രൂപാ വീതവും പരാമർശം (2) ലെ വ്യവസ്ഥകൾക്ക് വിധേയമായി ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ
സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് (ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം മുഖേന)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ